# കേരള സർവകലാശാല

നം.പി.ആർ.208/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എൽ.ഐ.എസ്‌സി പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പനച്ചമൂട് വൈറ്റ് മെമ്മോറിയൽ കോളേജിൽ 2016-17 അധ്യയനവർഷത്തെ ബി.എൽ.ഐ.എസ്‌സി പ്രവേശനത്തിന് നവംബർ ഒമ്പത് വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ & ഹെൽത്ത് ഇൻവെസ്റ്റിഗേറ്റർ ഒഴിവ് : ലക്ഷദ്വീപ് നിവാസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല പോപ്പുലേഷൻ റിസർച്ച് സെന്റർ കേരളത്തിലും ലക്ഷദ്വീപിലുമായി നടത്തുന്ന പ്രോജക്ടിൽ ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ & ഹെൽത്ത് ഇൻവെസ്റ്റിഗേറ്റർ ഒഴിവിലേക്ക് (കാലാവധി നാല് മാസം) ലക്ഷദ്വീപ് നിവാസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രതിമാസ വേതനം 25,000-ന് മുകളിൽ. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി നവംബർ 15. ഇ-മെയിൽ (lasikerala@gmail.com) വഴിയും അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു. പരാതികൾ നവംബർ 14-നകം കോ-ഓർഡിനേറ്ററെ അറിയിക്കണം. ഫോൺ. 9497266880.

### ദ്വിദിന ശിൽപശാല നടത്തി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം സൈക്കോളജി പഠനവകുപ്പുമായി സഹകരിച്ച് നവംബർ രണ്ട്, മൂന്ന് തീയതികളിൽ കൗൺസിലർമാർക്കായി ദ്വിദിന ശിൽപശാല നടത്തി. കേരള സർവകലാശാല സൈക്കോളജി പഠനവകുപ്പ് അസോസിയേറ്റ് പ്രൊഫസർ ഡോ. എസ് രാജു, അസി. പ്രൊഫ. ഡോ.ജെ ജസീർ തുടങ്ങിയവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി.

### പാരാസൈക്കോളജിയിൽ സെമിനാർ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം കൗൺസലിംഗ് വിദ്യാർത്ഥികൾക്കായി പാരാ സൈക്കോളജിയിൽ ഒരു സെമിനാർ നടത്തുന്നു. നവംബർ അഞ്ചിന് പി.എം.ജിയിലെ സ്റ്റുഡന്റ് സെന്ററിലെ ഹാളിൽ രാവിലെ 10 മണിക്ക് തുടങ്ങുന്ന സെമിനാറിൽ പാരാ സൈക്കോളജി വിദഗ്ദ്ധനും സൈക്കോളജി പഠനവകുപ്പ് മുൻ മേധാവി ഡോ. ജോർജ്ജ് മാത്യു നയിക്കും.

### ബി.ആർക് ടൈംടേബിൾ

കേരള സർവകലാശാല നവംബറിൽ നടത്തുന്ന മൂന്ന്, അഞ്ച്, ഒമ്പത് സെമസ്റ്റർ ബി.ആർക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി - 2008 സ്കീം), ആറാം സെമസ്റ്റർ

ബി.ആർക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി - 2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
04.11.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098